III.ഇ.ബി./XII-കേരള നിയമസഭ/II-3.

# പന്ത്രണ്ടാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

**2006 സെപ്റ്റംബർ 20, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗംചേർന്നു.

I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*61, *62 & *63) സഭയിൽ ഉന്നയിക്കപ്പെടുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

II. ശ്രദ്ധ ക്ഷണിക്കൽ

(1) തൃശൂർ ജില്ലയിലെ കൈനൂരിൽ പന്നി വളർത്തൽ കേന്ദ്രം പ്രവർത്തിക്കുന്നതുമൂലം തദ്ദേശവാസികൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും അതിന് മുഖ്യമന്ത്രിയും ബന്ധപ്പെട്ട വകുപ്പുമന്ത്രിയും മറുപടി നൽകുകയും ചെയ്തു.

(2) സംസ്ഥാനത്ത് വൻതോതിൽ നെൽവയൽ നികത്തുന്നതിനാലും കൃഷിഭൂമി തരിശിടുന്നതിനാലും അനുയോജ്യമായ ഭൂവിനിയോഗ നിയമത്തിന്റെ അഭാവത്താലും

കാർഷിക–തൊഴിൽ രംഗങ്ങളിൽ നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തിലേയ്ക്ക് ശ്രീ.എൻ.രാജൻ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

III. സബ്മിഷൻ

(1) കാലവർഷക്കെടുതിക്കിരയായ തീരദേശത്തെ ജനങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ.വി.സുരേന്ദ്രൻപിള്ള ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(2) മഹിളാ സ്വസ്ത് സംഘ് ((M.S.S.) പ്രവർത്തകർക്ക് ഓണറേറിയം അനുവദിക്കുന്നതു സംബന്ധിച്ച് ശ്രീമതി കെ.കെ.ശൈലജ ടീച്ചർ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(3) നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽവച്ച് ബിന്ദു എന്ന യുവതി പ്രസവത്തെത്തുടർന്ന് മരിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് ശ്രീ.ജി.കാർത്തികേയൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) പട്ടാമ്പി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ ഗതാഗതയോഗ്യമല്ലാതായത് സംബന്ധിച്ച് ശ്രീ.സി.പി.മുഹമ്മദ്

ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(5) കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് ജലസേചന പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.കെ.വി.കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(6) സർവ്വശിക്ഷാ അഭിയാൻ പദ്ധതി ലക്ഷ്യം കൈവരിക്കാതെ പോകുന്നത് സംബന്ധിച്ച് ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) കേബിൾ ടി.വി. വ്യവസായത്തിന്മേൽ ചുമത്തിയിട്ടുള്ള ആഡംബര നികുതി പിൻവലിക്കണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീ.ജോസഫ് എം.പുതുശ്ശേരി ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

(8) തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ വാഴമല, നരിക്കോട്മല തുടങ്ങിയ പ്രദേശങ്ങളിലെ കർഷകർക്ക് പട്ടയം ലഭിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ.കെ.പി.മോഹനൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(9) സഹകരണ സംഘങ്ങളുടെ ആദായത്തിന്മേൽ ആദായനികുതി ഈടാക്കുന്നത് സംബന്ധിച്ച് ശ്രീ.എം.എം.മോനായി ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

(10) ആരോഗ്യ സുരക്ഷാ ഇൻഷൂറൻസ് പദ്ധതിയുടെ സ്തംഭനാവസ്ഥ സംബന്ധിച്ച് ശ്രീ.കെ.സി.വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള സംസ്ഥാനത്തെ 25 ലക്ഷത്തോളം ആളുകൾക്ക് പ്രയോജനം കിട്ടാവുന്ന ആരോഗ്യസുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയെ അട്ടിമറിക്കുന്ന ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയിൽനിന്നും ഇറങ്ങിപ്പോവുകയും അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.)

(11) പട്ടികജാതി വിദ്യാർത്ഥികൾക്ക് ഐ.ടി.ഐ.കളിൽ പ്രവേശനം ലഭ്യമാക്കേണ്ടത് സംബന്ധിച്ച് ശ്രീ.യു.സി.രാമൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

IV. മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകൾ

കാര്യ.വിവരപ്പട്ടികയിലെ 3–ാമത്തെ ഇനമനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

V. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

VI. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

VII. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ സംബന്ധിച്ച് ജലവിഭവ വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

VIII. ധനകാര്യം

<u>2006–07 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ</u>

<u>ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

നീതിന്യായ നിർവ്വഹണം എന്ന III–ാം നമ്പർ ധനാഭ്യർത്ഥന യുടെപേരിൽ 64,19,45,000 രൂപയും പോലീസ് എന്ന XII–ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ 391,12,09,000 രൂപയും ജയിലുകൾ എന്ന XIII–ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ 16,95,18,000 രൂപയും വിനോദസഞ്ചാരം എന്ന XLII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 38,38,53,000 രൂപയും 2006-2007 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി അനുവദിക്കണമെന്ന പ്രമേയം ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ.കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിക്കുകയും ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. മാത്യൂ ടി. തോമസ് പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

III, XII, XIII, XLII എന്നീ നമ്പർ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റി ശുപാർശകൾ സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന ധനകാര്യ വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്തു വച്ചു.

സർവ്വശ്രീ വി.ഡി.സതീശൻ, ആര്യാടൻ മുഹമ്മദ്, കെ.ബാബു, ടി.എൻ.പ്രതാപൻ, അടൂർ പ്രകാശ്, കെ.മുഹമ്മദുണ്ണി ഹാജി, യു.സി.രാമൻ, അബ്ദുറഹിമാൻ രണ്ടത്താണി, വി.കെ.ഇബ്രാഹിം കുഞ്ഞ്, സി.ടി.അഹമ്മദ് അലി, ജോസഫ് എം.പുതുശ്ശേരി, കെ.കെ.ഷാജു, കെ.സി.വേണുഗോപാൽ, ജി.കാർത്തികേയൻ, എം.മുരളി, എ.പി.അനിൽ കുമാർ, ജോർജ്ജ് മേഴ്സിയർ, കെ.കുട്ടി അഹമ്മദ് കുട്ടി, പ്രൊഫ.കെ.വി.തോമസ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തു.

1) ശ്രീ.കെ.ബാബു
2) ശ്രീ.എം.ചന്ദ്രൻ
3) ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി
4) ശ്രീ.ബാബു പോൾ
5) ശ്രീ.ജോസഫ് എം.പുതുശ്ശേരി
6) ശ്രീ.ജോസ് തെറ്റയിൽ
7) ശ്രീ.വി.സുരേന്ദ്രൻപിള്ള
8) ശ്രീ.കോവൂർ കുഞ്ഞുമോൻ
9) ശ്രീ.തോമസ് ചാണ്ടി
10) ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി
11) ശ്രീ.യു.സി.രാമൻ

12) ശ്രീ.വി.ശശികുമാർ

13) ശ്രീ. വി.ഡി.സതീശൻ

14) ശ്രീ.വി.എൻ.വാസവൻ

15) ശ്രീ.വി.എസ്.സുനിൽകുമാർ

16) ശ്രീ.വി.ശിവൻകുട്ടി

17) ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയ്ക്ക് ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും നിയമവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിയും റവന്യൂവകുപ്പു മന്ത്രിയും മറുപടി നൽകി.

പോലീസ് നടപടികൾക്കിടെ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായധനം നൽകുന്നതിനെ സംബന്ധിച്ച ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളംവയ്ക്കുകയും തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ചുകൊണ്ട് സഭയിൽനിന്നും ഇറങ്ങിപ്പോ വുകയും ചെയ്തു.

ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(2006 സെപ്റ്റംബർ 25–ാം തീയതി തിങ്കളാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.15–ന് പിരിഞ്ഞു.)